കാമസ്യാന്തം ച ക്ഷുത്തൃഡ്ഭ്യാം ക്രോധസ്യൈതത് ഫലോദയാത്
ജനോ യാതി ന ലോഭസ്യ ജിത്വാ ഭുക്ത്വാ ദിശോ ഭുവ: **(7-15-20)**
പണ്ഡിതാ ബഹവോ രാജൻ ബഹുജ്ഞാ: സംശയച്ഛിദ:
സദസ്സ്പതfയോപ്യേകേ അസന്തോഷാത് പതന്ത്യധ: **(7-15-21)**

*നാരദമുനി തുടർന്നു:*
പലേ വിധത്തിലുള്ള സ്വപ്രകൃതിഗുണവിശേഷങ്ങളാൽ പലരും പലപാതകൾ തിരഞ്ഞെടുക്കുന്നു. ചിലർ ആചാരങ്ങളിലും യാഗകർമ്മങ്ങളിലും വേദവിധിപ്രകാരം മുഴുകി ജീവിക്കുന്നു. മറ്റു ചിലർ വേദപഠനത്തിലും പാരായണത്തിലും മുഴുകുന്നു. ഇനിയും ചിലർ ജ്ഞാനമാർഗ്ഗമവലംബിക്കുമ്പോൾ മറ്റുള്ളവർ ഭക്തിമാർഗ്ഗം സ്വീകരിക്കുന്നു.

പൂജാകർമ്മാനുഷ്ഠാനങ്ങളിലൂടെ ഭഗവൽപ്രീതിയും പിതൃക്കളുടെ പ്രീതിയും ലഭിക്കാനാഗ്രഹിക്കുന്നവർ അവരുടെ ആഹുതി മഹാത്മാക്കൾ വഴിയോ, അങ്ങിനെയുള്ളവരെ കിട്ടാത്ത പക്ഷം മറ്റുള്ളവർ മുഖേനയോ ചെയ്യേണ്ടതാണ്. ഈ മഹാത്മാക്കളെ ഈശ്വരതുല്യരായി കരുതിവേണം കർമ്മാനുഷ്ഠാനങ്ങൾ നടത്താൻ. വളരെയേറെ ആളുകൾക്ക് അന്നദാനം ചെയ്യുന്നതു മൂലം ഗുണമേന്മയിൽ വിട്ടുവീഴ്ച്ച വരാനിടയുള്ളതിനാൽ അതൊഴിവാക്കുകയാണ് നല്ലത്. ഇങ്ങിനെയുള്ള യാഗദ്രവ്യങ്ങൾ നിർമ്മലവും യാതൊരുജീവികൾക്കും ഹാനികരമാവുകയുമരുത്. ദിവ്യതയുണ്ടാവാനാഗ്രഹിക്കുന്നവർ മനസാ വാചാ കർമ്മണാ ഹിംസയിൽ നിന്നും വിട്ടു നിൽക്കണം. ഇതിനേക്കാൾ വലിയ ധർമ്മം ഇല്ല തന്നെ. ആത്മനിയന്ത്രണം തന്നെയാണ് ഏറ്റവും വലിയ ബലി.

അഞ്ചു തരത്തിലുള്ള അധാർമ്മീകപ്രവൃത്തികൾ യോഗാർത്ഥി ഒരിക്കലും ചെയ്യരുത്. (1) വിധർമ്മം, ധർമ്മത്തെ എതിർക്കുകയോ തടയുകയോ ചെയ്യുന്ന പ്രവൃത്തി, (2) പരധർമ്മം - മറ്റുള്ളവർക്കു പറഞ്ഞിട്ടുള്ള ധർമ്മം (3) ഉപധർമ്മം, അനുകരണധർമ്മം, മറ്റുള്ളവരുടേതുപോലെയാവാൻ ശ്രമിക്കുകയാൽ അത് പൊങ്ങച്ചത്തിനു വേണ്ടിയുള്ളതത്രേ. (4) വഞ്ചനാപരമായ പ്രവർത്തനങ്ങൾ (5) ആഭാസം - സ്വാർത്ഥതാൽപ്പര്യങ്ങൾക്കു വേണ്ടി അവനവന്റെ ചാപല്യമോഹത്തിനനുസരിച്ചുള്ള പ്രവൃത്തികൾ. എല്ലാറ്റിലും സംതൃപ്തി വളർത്തിയെടുക്കാൻ ഒരുവൻ ശ്രമിക്കണം. സമ്പത്തു കൂട്ടി വയ്ക്കാനും ഉണ്ടാക്കിയെടുക്കാനും ഒരുവൻ ശ്രമിക്കുകയുമരുത്. സംതൃപ്തനായ ഒരുവന് എല്ലായിടത്തും എവിടേയും സന്തോഷമാണുള്ളത്. കല്ലിലും മുള്ളിലും നടക്കുന്ന പാദരക്ഷധരിച്ച കാലുകൾക്കെന്നപോലെയാണത്. ലൈംഗീകസുഖത്തിനും ഭക്ഷണത്തിനും വേണ്ടി അലയുമ്പോഴാണൊരുവന്റെ ജീവിതം നായയുടേതു പോലെയാവുന്നത്. അത്യാഗ്രഹിയായ മനുഷ്യൻ തന്റെ പഠനവും, വിജ്ഞാനവും, പ്രശസ്തിയും നഷ്ടപ്പെടുത്തുന്നു. കാമത്തെ കീഴ്പ്പെടുത്താൻ ഉപവാസം ചെയ്യണം. ക്രോധത്തിന്റെ പ്രത്യാഘാതം പ്രകടമാവുമ്പോൾ അതു താനെ നിൽക്കുന്നു. എന്നാൽ അത്യാഗ്രഹത്തിനവസാനമില്ലതന്നെ. ഭൂപതിയായാൽ പോലും അവന് മതിവരില്ല. വിദ്യാസമ്പന്നരായ മനുഷ്യർ പോലും വലിയ സമ്മേളനങ്ങളിൽ മറ്റുള്ളവരുടെ സംശയങ്ങൾ ദൂരീകരിച്ച് പ്രസംഗിക്കുന്നവരായാലും അവർ അസംതൃപ്തിയാൽ വഴിതെറ്റിപ്പോവുന്നു. ഒരുവൻ ആഗ്രഹങ്ങളെ നിയന്ത്രിച്ച്, ക്രോധത്തെ ആഗ്രഹനിരോധത്താൽ കീഴടക്കി, അത്യാഗ്രഹങ്ങളെ, സമ്പത്തിന്റെ ദുഷ്ഫലങ്ങളോർത്തു നിയന്ത്രിച്ച്, ഭയത്തെ സത്യബോധത്താൽ കീഴടക്കി, വിജ്ഞനത്താൽ ദു:ഖത്തെയും മോഹങ്ങളെ യുമടക്കി, അഹങ്കാരത്തെ സദ്പുരുഷസേവകൊണ്ട് നശിപ്പിച്ച്, യോഗതടസ്സങ്ങളെ നിശ്ശബ്ദതകൊണ്ട് വിജയിച്ച്, അക്രമവാസനയെ ആത്മനിയന്ത്രണം കൊണ്ട് ജയിച്ച് ജീവിക്കണം. മറ്റുള്ളവരാലുണ്ടായ വേദനയെ കരുണയാൽ തരണം ചെയ്ത്, വിധിമൂലമുണ്ടാകുന്ന ദു:ഖത്തെ സമചിത്തതയോടെ കൈകാര്യം ചെയ്തും. സ്വയംകൃതമായവയെ യോഗാഭ്യാസത്തിലൂടെ നശിപ്പിച്ചും. ഉറക്കത്തെ സാത്വീകത വർദ്ധിപ്പിച്ചും അതിജീവിക്കണം. ഇവയെല്ലാം ഫലപ്രദമാവാൻ ഒരുവൻ തന്റെ ഗുരുവിനെ ആരാധിച്ചും അദ്ദേഹത്തിനു സേവ ചെയ്തും കഴിയണം. തന്റെ ഗുരുവിനെ തന്നെപ്പോലെയുള്ള വെറുമൊരു മർത്ത്യനായി കണക്കാക്കുന്ന പക്ഷം ഈ മാർഗ്ഗങ്ങൾ കൊണ്ട് പ്രയോജനമൊന്നും ഉണ്ടാവുന്നില്ല. ഗുരു, ഈശ്വരനത്രെ.